(ബി) ഇക്കാര്യത്തിൽ അഡ്വക്കേറ്റ് കമ്മീഷൻ തടസ്സവാദമുന്നയിച്ചിരുന്നുവോ ; വിശദമാക്കുമോ ;

(സി) ജോയിന്റ് ഇൻസ്പെക്ഷൻ പുനരാരംഭിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ ;

(ഡി) പരാതികളിൽ എന്ന് തീർപ്പുകൽപ്പിക്കാനാകുമെന്നും, പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചെറായി 110 കെ.വി. സബ്സ്റ്റേഷനിലേക്ക് ലൈൻ വലിക്കുന്നത് സംബന്ധിച്ച തർക്കത്തിൽ അഡ്വക്കേറ്റ് കമ്മീഷനും കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരും ചേർന്ന് മുന്ന് പ്രാവശ്യം ജോയിന്റ് ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ട്. ഇനിയും പൂർത്തിയാകാനുള്ള ബദൽ റൂട്ട് ഇൻസ്പെക്ഷൻ 6-7-2014, 11-7-2014 എന്നീ ദിവസങ്ങളിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇൻസ്പെക്ഷൻ വേളയിൽ എതിർകക്ഷികൾ ഉന്നയിച്ച ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ രണ്ടുതവണ ഇൻസ്പെക്ഷൻ നിറുത്തിവയ്ക്കുകയുണ്ടായി. എ.ഡി.എം.-ന്റെ ഉത്തരവ് ലഭിച്ചതിനുശേഷം ഇൻസ്പെക്ഷൻ തുടർന്ന് നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) ഇൻസ്പെക്ഷൻ നീളുന്നതുമൂലമുള്ള ബുദ്ധിമുട്ടും സാമ്പത്തിക നഷ്ടവും കാണിച്ച് കെ.എസ്.ഇ.ബി.- എ.ഡി.എം.-ന് കത്ത് നൽകിയിട്ടുണ്ട്.

(ഡി) എ.ഡി.എം.-ന് മുമ്പാകെയുള്ള പരാതികൾ തീർപ്പാകുന്ന മുറയ്ക്കുമാത്രമേ നിർമ്മാണപ്രവൃത്തികൾ ആരംഭിക്കാനാവുകയുള്ളൂ.

രാജപുരത്ത് 110 കെ.വി. സബ്സ്റ്റേഷൻ

29 (6480) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജപുരത്ത് 110 കെ. വി. സബ്സ്റ്റേഷൻ അനുവദിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) രാജപുരത്തെ ജനങ്ങളുടെ നിരന്തരമായ ആവശ്യവും പ്രദേശത്തെ വൈദ്യുത ആവശ്യകതയും കണക്കിലെടുത്ത് നടത്തിയ സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ അവിടെ ഒരു 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന്റെ ആവശ്യകത കണ്ടെത്തിയിട്ടുണ്ട്. അവിടെ ഒരു 33 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly